പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3528 12/12/2014-. ൽ മറുപടിക്ക്

കടുത്തുരുത്തി വെറ്ററിനറി പോളി ക്ലിനിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് : | | കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| എ) | കടുത്തുരുത്തി വെറ്ററിനറി പോളി ക്ലിനിക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച 34995/2013/AHG3 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ; | എ) | കടുത്തുരുത്തി വെറ്ററിനറി പോളി ക്ലിനിക്ക് സ്ഥാപിക്കുന്നതിന് (9889/എഎച്ച്ജി2/2013/ എഡി നമ്പർ ഫയലിൽ) അസിസ്റ്റന്റ് ഡയറക്ടർ, ലാബ് ടെക്നീഷ്യൻ, ക്ലർക്ക്, ഫീൽഡ് ഓഫീസർ എന്നീ 4 തസ്തികകൾ അധികമായി സൃഷ്ടിക്കേണ്ടതുണ്ട്. ഇതിലേക്കായി സർക്കാരിന് പ്രതിവർഷം ഏകദേശം 13,50,691/-രൂപ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകും. ധനകാര്യ വകുപ്പിന്റെ ജി.ഒ. (പി) 400/14/ഫിൻ 19/09/2014 ഉത്തരവ് പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 2015 മാർച്ച് 31 വരെ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഈ സാമ്പത്തിക വർഷം ഈ വിഷയം പരിഗണിക്കാൻ ആവില്ല . |
| ബി) | സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം എത്ര വെറ്ററിനറി പോളി ക്ലിനിക്കുകൾ പുതുതായി രൂപീകരിച്ചിട്ടുണ്ട് ; അവ ഏതെല്ലാം; ഇനി എവിടെയെല്ലാം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു; | ബി) | സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം കൊല്ലം ജില്ലയിലെ അരിനെല്ലൂർ മൃഗാശുപത്രി വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്തിയിട്ടുണ്ട്. ജി.ഒ. (പി) 400/14/ഫിൻ 19/09/2014 ഉത്തരവ് പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 2015 മാർച്ച് 31 വരെ നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ളതിനാൽ പുതുതായി വെറ്ററിനറി പോളി ക്ലിനിക്കുകൾ രൂപീകരിക്കുന്നതിന് അനുമതി ഉടൻ നൽകാൻ നിർവ്വാഹമില്ല. |
| സി) | കടുത്തുരുത്തി പോളി ക്ലിനിക്കിന് എത്ര പോസ്റ്റുകൾ അധികമായി വേണം ഇതിനുള്ള സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | സി) | കടുത്തുരുത്തി പോളി ക്ലിനിക്കിന് അസിസ്റ്റന്റ് ഡയറക്ടർ, ലാബ് ടെക്നീഷ്യൻ, ക്ലർക്ക്, ഫീൽഡ് ഓഫീസർ എന്നീ 4 തസ്തികകൾ അധികമായി വേണം. ജി.ഒ. (പി) 400/14/ഫിൻ 19/09/2014 ഉത്തരവ് പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 2015 മാർച്ച് 31 വരെ നിയന്ത്രണ മേർപ്പെടുത്തിയിട്ടുള്ളതിനാൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ